II ഇ.ബി. XIV-കേരള നിയമസഭ /II-6

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 4, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ കവാടത്തിൽ നിരാഹാരമനുഷ്ഠിക്കുന്ന എം.എൽ.എ.മാർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിക്കുകയും ചെയ്തു.)

16 (*181 ) തിരുവിതാംകൂർ ദേവസ്വം ബോർഡ് പുന:സംഘടിപ്പിക്കാൻ നടപടി

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പുന:സംഘടിപ്പിക്കുന്ന

കാര്യം പരിഗണനയിലില്ലെന്നും പട്ടികജാതി അംഗത്തിന്റെ തെരഞ്ഞെടുപ്പ് ഒക്ടോബർ 17-ാം തീയതി നടത്തുമെന്നും ബോർഡിലെ അഴിമതി, നിയമനങ്ങളിലെ ക്രമക്കേട് എന്നിവ സംബന്ധിച്ച് സെക്രട്ടറിക്കെതിരെയുള്ള പരാതികളിന്മേൽ വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ശബരിമല സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനും പമ്പാനദിയുടെ ശുചീകരണത്തിന് വിപുലമായ പദ്ധതിക്ക് രൂപം നൽകുന്നതിനും അയ്യപ്പഭക്തർ ഉടുവസ്ത്രം പമ്പയിൽ ഉപേക്ഷിക്കുന്ന രീതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആരാധനാലയങ്ങളിൽ ആയുധപരിശീലനം, കായിക പരിശീലനം എന്നിവ അനുവദിക്കുകയില്ല. അംഗസംഖ്യ കുറഞ്ഞ സമുദായങ്ങളുടെ ബോർഡിലെ പ്രാതിനിധ്യത്തെക്കുറിച്ച് ആലോചിക്കുമെന്നും ക്ഷേത്രവരുമാനത്തിൽനിന്നും ഖജനാവിലേയ്ക്ക് തുകയൊന്നും ഈടാക്കുന്നില്ലെന്നും ക്ഷേത്ര വികസനത്തിനും മറ്റും വൻതുക ചെലവഴിക്കുന്നുണ്ടെന്നും ഗുരുവായൂർ ടൗൺഷിപ്പ് അടക്കമുള്ള പ്രദേശങ്ങളെ ബന്ധപ്പെടുത്തിയുള്ള വികസന പരിപാടി കേന്ദ്രഗവൺമെന്റിന്റെ 'പ്രസാദ് ' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശ്രമിക്കുമെന്നും മന്ത്രി വ്യക്തമാക്കി. മകരവിളക്ക് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട് മലയരയന്മാരുടെ താത്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടി

സ്വീകരിക്കുമെന്നും ആശ്രിത നിയമനം സംബന്ധിച്ച സംസ്ഥാന ഗവൺമെന്റിന്റെ നിയമങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*183) അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിലൂടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാവശ്യമായ മൂലധനനിക്ഷേപം കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി പൊതുവിപണിയിൽ നിന്നും സമാഹരിച്ച് കിഫ്ബി വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി 1999-ലെ KIIF ആക്ട് ഭേദഗതി ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ സമർപ്പിക്കപ്പെട്ട 6500 കോടി രൂപയുടെ പദ്ധതികളിൽ യോഗ്യമായവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം നൽകുന്നതാണെന്നും 2016 ഒക്ടോബർ രണ്ടാം വാരാന്ത്യത്തോടെ ആദ്യ ബാച്ച് പദ്ധതികൾക്കുള്ള ഭരണാനുമതി സഹിതം വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ സമയപരിധി നൽകിയിട്ടുണ്ടെന്നും

100 കോടി രൂപയ്ക്ക് മുകളിൽവരുന്ന പദ്ധതികൾക്കായിരിക്കും കിഫ്ബി വഴി ധനസഹായം നൽകുന്നതെങ്കിലും 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കി പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കിഫ്ബിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു ബോർഡും ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായി എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയെ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കുകയും ഒരു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് കിഫ്ബിയിൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് വിനിയോഗം നിർബാധവും സുഗമവുമാക്കുന്നതിന് ഡയറക്ട് ബെനിഫിറ്റ് സംവിധാനം ഏർപ്പെടുത്തും. ഇപ്പോൾ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും എസ്.പി.വി.കൾ വഴിയാണ് നടപ്പാക്കുന്നതെന്നും വൻകിട പ്രോജക്ടുകൾ പി.പി.പി. പ്രകാരം ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥകൾ എനേബ്ളിംഗ് പ്രൊവിഷനായി വച്ചിട്ടുണ്ടെന്നും റോഡുകളുടെയും പാലങ്ങളുടെയും ടെണ്ടർ ദീർഘകാല മെയിന്റനൻസ് കോൺട്രാക്ടോട്കൂടി മാത്രമേ നൽകുകയുള്ളുവെന്നും മന്ത്രി അറിയിച്ചു. കാർഷിക

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുള്ള ചെറുകിട സംരംഭങ്ങൾക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രമിക്കുമെന്നും മഞ്ചേശ്വരത്ത് ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് നിർമ്മാണം ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഭൂമി ഏറ്റെടുക്കുന്നതിലെ പോരായ്മ പരിഹരിച്ച് മുന്നോട്ടുപോകുമെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വ്യക്തമാക്കി.

18(*187) ഒളിമ്പിക്സ് മെഡൽ നേടുന്നതിന് താരങ്ങളെ പ്രാപ്തരാക്കുന്നതിന് പദ്ധതി

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, 2016 റിയോ ഒളിമ്പിക്സിൽ കേരളത്തിലെ താരങ്ങളുടെ നിരാശാജനകമായ പ്രകടനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിവരികയാണെന്നും 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ മെഡൽ നേടുന്ന തലത്തിൽ താരങ്ങളെ പര്യാപ്തമാക്കുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, സ്വിമ്മിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ പരിശീലനം നൽകുന്നതിനായി എലൈറ്റ് ട്രെയിനിംഗ് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഇതിലൂടെ വിദേശ പരിശീലകന്റെ കീഴിൽ

പരിശീലനവും അനുബന്ധ സൗകര്യങ്ങളും കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സ്കൂൾ തലത്തിൽത്തന്നെ കായിക പ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകി മികച്ച കായികതാരങ്ങളാക്കി മാറ്റുന്നതിനായി **CATCH Team** എന്ന പദ്ധതി നടപ്പിലാക്കുന്നതിനും കായിക പരിശീലകർക്ക് അന്താരാഷ്ട്ര നിലവാരത്തിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇഷ്ടപ്പെട്ട കായികയിനങ്ങളിൽ കായികതാരങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിന് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും അമ്പെയ്ത്ത്, വള്ളം തുഴയൽ തുടങ്ങിയവയിൽ കഴിവുള്ളവരെ കണ്ടെത്തി പരിശീലനം നൽകി അവരെ അന്താരാഷ്ട്ര പ്രതിഭകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി. വ്യത്യസ്ത കായിക രംഗങ്ങളിലെ പ്രഗത്ഭരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിലും ക്ലബ്ബുകളിലും പ്രത്യേക സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1542 മുതൽ

1811 വരെയുള്ള ചോദ്യങ്ങളിൽ 204 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)